MD NICHE
MEDIA CONSULTANTS

# Kerala Tourism

## MALAYALA MANORAMA

### STREET tourism project to implement in 10 spots

**Date :** 14.7.2022 | **Edition : All Kerala** | **Page :** 7 | **Clip size (cm) : W:** 21 **H:** 5

PDF (/pdfClipping/a90253ce-b13a-4536-a1f6-85caf305624b)

## 10 സ്ഥലങ്ങളിൽ സ്ട്രീറ്റ് ടൂറിസം പദ്ധതി നടപ്പാക്കും: മന്ത്രി റിയാസ്

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ 10 സ്ഥലങ്ങളിൽ 'സ്ട്രീറ്റ് പദ്ധതി' നടപ്പാക്കുമെന്നു മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിയമസഭയെ അറിയിച്ചു. ആദ്യ ഘട്ടത്തിൽ കടലുണ്ടി (കോഴിക്കോട്), കാന്തല്ലൂർ (ഇടുക്കി), പിണറായി, അഞ്ചരക്കണ്ടി (കണ്ണൂർ), വലിയപറമ്പ് (കാസർകോട്), ചേകാടി (വയനാട്), തൃത്താല, പട്ടിത്തറ (പാലക്കാട്), മറവൻതുരുത്ത്, മാഞ്ചിറ (കോട്ടയം) എന്നിവിടങ്ങളിലാണ് പദ്ധതി. തുടർന്ന് ഈ പദ്ധതി മറ്റു ടൂറിസം കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കും. രാജ്യാന്തര ടൂറിസം കേന്ദ്രമായ കോവളത്തിനായി കിഫ്ബി വഴി ബൃഹത്തായ ടൂറിസം പദ്ധതി കൊണ്ടുവരും.

ഒരു പഞ്ചായത്തിൽ ഒരു ടൂറിസം കേന്ദ്രം കണ്ടെത്തി വികസിപ്പിക്കാനാണു ശ്രമം. കോവിഡ് ശമിച്ച സാഹചര്യത്തിൽ ഇത്തവണ ഓണാഘോഷം വിപുലമായി സംഘടിപ്പിക്കും.

## കൊല്ലത്തുനിന്നു ചരക്കുകപ്പൽ: പദ്ധതി തുടങ്ങുമെന്ന് മന്ത്രി

തിരുവനന്തപുരം ● തീരദേശ കപ്പൽ സർവീസ് വഴി ഭാവിയിൽ കൊല്ലത്തുനിന്നു തൂത്തുക്കുടി, മാലി തുറമുഖങ്ങളിലേക്ക് ചരക്കുനീക്കം ആരംഭിക്കാനുള്ള പദ്ധതിക്കു തുടക്കം കുറിക്കുമെന്ന് മന്ത്രി അഹമ്മദ് ദേവർകോവിൽ അറിയിച്ചു. അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ച് കണ്ടെയ്നർ ചരക്കുകപ്പൽ സർവീസ് ആരംഭിച്ചിരുന്നു. എന്നാൽ തിരികെയുള്ള കാർഗോയുടെ അഭാവത്തിൽ കേരളത്തിൽ സർവീസ് നടത്താൻ ഷിപ്പിങ് ലൈനർമാർ വിമുഖത കാണിക്കുന്നുവെന്നും മന്ത്രി അറിയിച്ചു.